REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നരേന്ദ്രമോദി ഗവൺമെന്റ് രാജ്യത്തിന്റെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തിയെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ.**
- **ആം ആദ്മി പാർട്ടി നേതാവും മന്ത്രിയുമായ അതിഷി മർലേന പുതിയ ഡൽഹി മുഖ്യമന്ത്രിയാകും.**
- **മലപ്പുറം ജില്ലയിൽ നിപ രോഗലക്ഷണമുള്ള 13 പേരുടെ സ്രവപരിശോധനാഫലം നെഗറ്റീവ് ആണെന്ന് മന്ത്രി വീണാജോർജ്ജ്.**
- **ഇന്ന് വിശ്വകർമ്മ ദിനം.**
- **ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ഫൈനലിൽ, നിലവിൽ ചാമ്പ്യൻമാരായ ഇന്ത്യ ഇന്ന് ആതിഥേയരായ ചൈനയെ നേരിടും.**

## വാർത്തകൾ വിശദമായി

നരേന്ദ്രമോദി ഗവൺമെന്റ് രാജ്യത്തിന്റെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തിയെന്നും സുരക്ഷിത ഇന്ത്യ സൃഷ്ടിക്കാൻ സഹായിച്ചുവെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്തെ വളർച്ചയുടെ പാതയിലേക്ക് നയിക്കാൻ ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചതായും അമിത് ഷാ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മൂന്നാം മോദി ഗവൺമെന്റിന്റെ നൂറുദിവസത്തിനിടെ 15 ലക്ഷം കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ചു. മൂന്ന് ലക്ഷം കോടി രൂപയുടെ പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്തതായി അദ്ദേഹം പറഞ്ഞു.

രാജ്യത്തെ പുതിയ ക്രിമിനൽ ചട്ടങ്ങൾ നീതിനിർവഹണം കാര്യക്ഷമമാക്കുമെന്ന് അദ്ദേഹം പറഞ്ഞു. വഖഫ് നിയമഭേദഗതിയിൽ ഉറച്ചുനിൽക്കുന്നതായും പാർലമെന്റ് വൈകാതെ വഖഫ് ബിൽ പാസാക്കുമെന്നും അമിത് ഷാ അറിയിച്ചു. സമവായ ചർച്ചയിലൂടെ മണിപ്പൂർ പ്രശ്നത്തിന് പരിഹാരം കാണാനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഔദ്യോഗിക സന്ദർശനത്തിന് ഒഡിഷയിലെ ഭുവനേശ്വരിലെത്തി. ഗവൺമെന്റിന്റെ വനിതാ കേന്ദ്രീകൃതസംരഭം - സുഭദ്ര യോജനക്കും മറ്റ് റെയിൽ റോഡ് പദ്ധതികൾക്കും അദ്ദേഹം തുടക്കമിടും. പ്രധാന മന്ത്രിയെ ജന്മദിനം കൂടിയായ ഇന്ന് ആയിരകണക്കിന് പ്രവർത്തകരും അനുയായികളും ചേർന്ന് വിമാനത്താവളത്തിൽ സ്വീകരിച്ചു. പരമ്പരാഗത നൃത്ത പരിപാടികളോടെയാണ് പ്രധാനമന്ത്രിയെ വരവേറ്റത്.

✪✪✪

എട്ടാമത് ഇന്ത്യ ജലവാരം-2024 ന് ഇന്ന് ഡൽഹിയിൽ തുടക്കമാകും. ഭാരത് മണ്ഡപത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു നാല് ദിവസത്തെ ആഗോള സമ്മേളനം ഉദ്ഘാടനം ചെയ്യും. 40 രാജ്യങ്ങളിലെ 200 പ്രതിനിധികളടക്കം നാലായിരത്തോളം പേർ പരിപാടിയിൽ പങ്കെടുക്കും. സമഗ്ര ജലവികസനത്തിനും, പരിപാലനത്തിനും പങ്കാളിത്തവും സഹകരണവും എന്നതാണ് ഈ വർഷത്തെ സമ്മേളന പ്രമേയം. രാജ്യത്തെ ഗ്രാമപഞ്ചായത്തുകൾ ജലസംരക്ഷണത്തിനും, മഴവെള്ള സംഭരണത്തിനും, ഭൂജല റീചാർജിംഗിനും, ജലവിതരണത്തിനും സ്വീകരിച്ച മികച്ച മാതൃകകൾ സമ്മേളനത്തിൽ പ്രദർശിപ്പിയ്ക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി BJP ദേശീയ അധ്യക്ഷൻ JP നദ്ദ ഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് രക്തദാന ക്യാമ്പ് ഉദ്ഘാടനം ചെയ്യും. പ്രധാനമന്ത്രിയുടെ ജീവിതം ചിത്രീകരിക്കുന്ന പ്രദർശനവും നദ്ദ ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ലഭിച്ച സമ്മാനങ്ങളുടെ E-ലേലം ഇന്ന് ആരംഭിക്കും. ലേലത്തിൽ ലഭിക്കുന്ന തുക നവാമി ഗംഗേ ഫണ്ടിലേക്ക് കൈമാറും. ഒക്ടോബർ രണ്ട് വരെ തുടരുന്ന ലേലത്തിൽ പ്രധാനമന്ത്രിയ്ക്ക് ലഭിച്ച അറുനൂറോളം സമ്മാനങ്ങൾ ലേലം ചെയ്യുമെന്ന് കേന്ദ്രമന്ത്രി

ജിതേന്ദ്രസിംഗ് ഷെഖാവത്ത് അറിയിച്ചു. ലേലത്തിൽ പരമാവധി ആളുകൾ പങ്കെടുക്കണമെന്നും ഷെഖാവത്ത് അറിയിച്ചു.

✪✪✪

സ്വച്ഛത ഹി സേവാ അഭിയാൻ 2024 ന് ഇന്ന് തുടക്കമാകും. സ്വച്ഛ് ഭാരത് അഭിയാന്റെ പത്താം വാർഷിക വേളയിലാണ് രാജ്യവ്യാപകമായി ശുചീകരണ ക്യാമ്പെയിൻ ആരംഭിക്കുന്നത്. 'സ്വഭാവസ്വച്ഛത- സംസ്കാർ സ്വച്ഛത' എന്നതാണ് ഈ വർഷത്തെ പ്രമേയം.

വിനോദസഞ്ചാര കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, വാണിജ്യ മേഖലകൾ, ജലാശയങ്ങൾ, മൃഗശാലകൾ, വന്യജീവി സങ്കേതങ്ങൾ, പൊതു ശൗചാലയങ്ങൾ എന്നിവ കൂട്ടായ്മയിലൂടെ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ കാമ്പെയ്നിൽ ഉൾപ്പെടുന്നു. എല്ലാ കേന്ദ്ര സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകും.

സമൂഹത്തിന്റെ സമ്പൂർണ ശുചിത്വമാണ് പരിപാടിയുടെ ലക്ഷ്യം. ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 വരെയാണ് ക്യാമ്പെയിൻ.

✪✪✪

2014 മുതൽ രാജ്യത്ത് ആരംഭിച്ച ശുചിത്വ യജ്ഞത്തിന് ലഭിച്ചുവരുന്ന വർദ്ധിച്ച ജനപങ്കാളിത്തവും പിന്തുണയും, ശക്തമായ പൗരബോധത്തെയാണ് സൂചിപ്പിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു.

എറണാകുളം ടൗൺ റെയിൽവേ സ്റ്റേഷനിൽ സ്വച്ഛത പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ആം ആദ്മി പാർട്ടി നേതാവും മന്ത്രിയുമായ അതിഷി മർലേന പുതിയ ഡൽഹി മുഖ്യമന്ത്രിയാകും. രാവിലെ ന്യൂഡൽഹിയിൽ ചേർന്ന MLA മാരുടെ യോഗം അതിഷിയെ നിയമസഭാ കക്ഷി നേതാവായി തെരഞ്ഞെടുത്തു. മുഖ്യമന്ത്രി അരവിന്ദ് കെജ് രിവാൾ വൈകീട്ട് ഡൽഹിയിൽ ലെഫ്റ്റനന്റ് ഗവർണറെ നേരിട്ട കണ്ട് രാജിക്കത്ത് നൽകും.

✪✪✪

മലപ്പുറം ജില്ലയിൽ നിപ രോഗലക്ഷണമുള്ള 13 പേരുടെ സ്രവപരിശോധനാഫലം നെഗറ്റീവ് ആണെന്ന് മന്ത്രി വീണാജോർജ്ജ് പറഞ്ഞു. ജില്ലയിൽ നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ലെന്നും മന്ത്രി അറിയിച്ചു.

മങ്കിപോക്സ് ലക്ഷണങ്ങളോടെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയ ആളുടെ രക്തസാമ്പിൾ പരിശോധനക്ക് അയച്ചതായും മന്ത്രി പറഞ്ഞു. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് വിദേശത്തുനിന്ന് എത്തിയ എടവണ്ണ സ്വദേശിയാണ് ചികിത്സ തേടിയത്.

✪✪✪

ഇന്ന് വിശ്വകർമ്മ ദിനം ആഘോഷിക്കുന്നു. വിശ്വകർമ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. VSS ചാലക്കുടി താലൂക്ക് യൂണിയന്റെ സാംസ്കാരിക സമ്മേളനം മന്ത്രി ഡോ. R.ബിന്ദുവും, കൊട്ടാരക്കരയിലെ സാംസ്കാരിക സമ്മേളനം മന്ത്രി KN.ബാലഗോപാലും ഉദ്ഘാടനം ചെയ്യും. കോട്ടയത്തെ മഹാ ശോഭായാത്രയും സമ്മേളനവും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനായിരിക്കും ഉദ്ഘാടനം ചെയ്യുക. ചെങ്ങന്നൂരിൽ വിശ്വകർമ ദിനാഘോഷം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. മറ്റു താലൂക്കുകളിലും ശോഭായാത്രയും സമ്മേളനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

മാഹിയിൽ അഖിലഭാരതീയ വിശ്വകർമ്മ മഹാസഭയും, ന്യൂമാഹി വിശ്വകർമ്മ സംഘവും സംയുക്തമായി വൈകിട്ട് വിശ്വകർമ്മ സംഘം ഓഫീസിൽ ജയന്തി ആഘോഷം നടത്തും.

✪✪✪

വിശ്വകർമ ജയന്തി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി തൊഴിലാളികൾക്ക് ആശംസകൾ നേർന്നു. നിർമ്മാണ, സൃഷ്ടി മേഖലകളുമായി ബന്ധപ്പെട്ട എല്ലാ വിദഗ്ധരും കഠിനാധ്വാനികളുമായ എല്ലാവരെയും ഈ അവസരത്തിൽ പ്രത്യേകം ആദരിക്കുന്നതായി പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനായി തിരച്ചിലിന് ഗോവയിൽനിന്ന് ഡ്രഡ്ജർ പുറപ്പെട്ടു. പുലർച്ചെ അഞ്ചുമണിയോടെ ഗോവ തുറമുഖത്തുനിന്ന് പുറപ്പെട്ട ഡ്രഡ്ജർ വൈകീട്ടോടെ കാർവാർ തുറമുഖത്തേയ്ക്ക് എത്തും. തുടർന്ന് ദൗത്യത്തെ സംബന്ധിച്ച് അവലോകന യോഗം നടക്കും. വ്യാഴാഴ്ചയോടെ തിരച്ചിൽ ആരംഭിക്കുമെന്നാണ് പ്രതീക്ഷ.

✪✪✪

ചൈനയിൽ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ഫൈനലിൽ, നിലവിൽ ചാമ്പ്യൻമാരായ ഇന്ത്യ ഇന്ന് ആതിഥേയരായ ചൈനയെ നേരിടും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം. സെമിയിൽ കൊറിയയെ

ഒന്നിനെതിരെ നാല് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്.

✪✪✪

ബുഡാപെസ്റ്റ് ചെസ് ഒളിമ്പ്യാഡിൽ ഇന്നലെ പുരുഷ- വനിതാ ഓപ്പൺ വിഭാഗത്തിൽ ഇന്ത്യക്ക് വിജയം. പുരുഷ ടീം ഹംഗറിയേയും വനിതാ ടീം അർമേനിയയേയുമാണ് തോൽപ്പിച്ചത്. ഗ്രാന്റ്മാസ്റ്റർ അർജ്ജുൻ എരിഗേയ്സി ആറ് മത്സരങ്ങൾ തുടർച്ചയായി ജയിച്ച് മുന്നിട്ട് നിൽക്കുന്നു. ഇന്ന് മത്സരമില്ല. നാളെ ഏഴാം റൗണ്ട് മത്സരങ്ങൾ തുടങ്ങും.

✪✪✪

ചാങ്ഷൗവിൽ ചൈന ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ പ്രിയാൻഷു രജാവത്ത് പുറത്തായി. പുരുഷ സിംഗിൾസിൽ കാനഡയുടെ ബ്രയാൻ യാങ്ങാണ് പ്രിയാൻഷുവിനെ പരാജയപ്പെടുത്തിയത്.

മറ്റൊരു മത്സരത്തിൽ കിരൺ ജോർജ്ജ് നാളെ തന്റെ ഉദ്ഘാടന മത്സരത്തിൽ ജപ്പാൻ താരത്തെ നേരിടും.

✪✪✪

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് ഗോവ, ജംഷഡ്പൂരിനെ നേരിടും. ഇന്നലെ കൊൽക്കത്തയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മറുപടിയില്ലാത്ത ഒരു ഗോളിന് കൊൽക്കത്ത മുഹമ്മദിൻസിനെ പരാജയപ്പെടുത്തി.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ തിരുവനന്തപുരം കൊമ്പൻസ് മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് തൃശൂർ മാജിക് FC യെ തോൽപ്പിച്ചു. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ മത്സരത്തിൽ T.M വിഷ്ണു, ലാൽമാംഗെ സംഗ എന്നിവരാണ് കൊമ്പൻസിനായി ഗോളടിച്ചത്.

✪✪✪

കേരളാ ക്രിക്കറ്റ് ലീഗ് സെമിഫൈനലുകൾ ഇന്ന് തിരുവനന്തപുരത്ത്. ഉച്ചയ്ക്ക് രണ്ടരയ്ക്ക് ആദ്യസെമിയിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, അദാനി ട്രിവാൻഡ്രം റോയൽസിനെ നേരിടും.

വൈകിട്ട് ആറരയ്ക്ക് രണ്ടാം സെമിയിൽ കൊല്ലം സെയ്ലേഴ്സ്, തൃശൂർ ടൈറ്റൻസിനെയും നേരിടും. ലീഗിൽ 16 പോയിന്റുമായി ഏരീസ് കൊല്ലം സെയ്ലേഴ്സ് ആണ് മുന്നിൽ. 14 പോയിന്റുമായി കലിക്കറ്റാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

ഓണാഘോഷത്തിന് മാറ്റുകൂട്ടാൻ തൃശൂർ നഗരം നാളെ പുലികൾ കീഴടക്കും. അവസാനഘട്ട ഒരുക്കങ്ങളിലാണ് ഓരോ ദേശങ്ങളും. ഇത്തവണ ഏഴ് സംഘങ്ങളാണ് പുലികളിക്കുള്ളത്. നിരവധി സസ്പെൻസുകൾ ഒളിപ്പിച്ചു വെച്ചാണ് ദേശക്കാർ ഇത്തവണയും പുലികളിക്കിറങ്ങുന്നത്.

കൂടുതൽ വിവരങ്ങളുമായി തൃശൂരിൽ നിന്ന് ആകാശവാണി പ്രതിനിധി ഭരിതാ പ്രതാപ്

....Voice....

✪✪✪

ലോകോത്തര നിലവാരത്തിൽ പുലികളി ഒരുക്കാൻ തൃശൂരിൽ എല്ലാ ക്രമീകരണവും പൂർത്തിയായതായി മേയർ MK വർഗീസ് അറിയിച്ചു. പുലിക്കളിക്ക് കോർപ്പറേഷൻ നൽകുന്ന ധനസഹായം ഇത്തവണ 25 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഓരോ ടീമിനും 3,12,500 രൂപ വീതം ധനസഹായം ലഭിക്കും.

✪✪✪

ചൂരൽമല ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ വകുപ്പ് നൽകിയ കണക്കുകളിൽ കൃത്യതയില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. സാമാന്യ യുക്തിക്ക് നിരക്കാത്തതാണ് ഗവൺമെന്റ് തയ്യാറാക്കിയ കണക്കുകളെന്ന് അദ്ദേഹം കൊച്ചിയിൽ പറഞ്ഞു. മെമോറാണ്ടം തയ്യാറാക്കിയതിൽ പിഴവ് പറ്റിയിട്ടുണ്ട്. ഗവൺമെന്റിന്റെ വിശ്വാസ്യതക്ക് ഇത് കളങ്കമായെന്നും അദ്ദേഹം കൊച്ചിയിൽ പറഞ്ഞു.

✪✪✪

വയനാട് ചൂരൽമല, മുണ്ടക്കൈ ദുരന്തമേഖലയിലേക്ക് പ്രവേശിക്കുന്നതിന് നിയന്ത്രണം തുടരുമെന്ന് അധികൃതർ അറിയിച്ചു. നിലവിൽ പ്രദേശവാസികൾക്ക് അവരുടെ സാധന സാമഗ്രികൾ എടുക്കുന്നതിനും കൃഷി ആവശ്യങ്ങൾക്കായി പോകുന്നവർക്കും മാത്രമാണ് പ്രവേശനം. വിനോദ സഞ്ചാരികൾ ദുരന്തമേഖല സന്ദർശിക്കുന്നത് തടയും. ഓണം അവധിയെ തുടർന്ന് ജില്ലയിലേക്ക് വരുന്നവർ ദുരന്തമേഖലയിലേക്ക് യാത്ര ഒഴിവാക്കേണ്ടതാണ്.

✪✪✪

ചൂരൽമല, മുണ്ടക്കൈ പ്രദേശത്തെ പ്രകൃതി ദുരന്തത്തിന് ശേഷം നിശ്ചലമായ ടൂറിസം മേഖലക്ക് പുത്തൻ ഉണർവ്വേകി KSRTCയുടെ ബഡ്ജറ്റ് ടൂറിസം വിഭാഗം പുനരാരംഭിച്ചു. കഴിഞ്ഞ ദിവസം കണ്ണൂരിൽ നിന്നും മുപ്പതിലധികം

സഞ്ചാരികളുമായി KSRTC ബസ് ജില്ലയിലെത്തി. ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് കഴിഞ്ഞ ഒരു മാസത്തിലധികമായി താത്കാലികമായി കെഎസ്ആർടി സിയുടെ ജില്ലയിലേക്കുള്ള ടൂറിസം ട്രിപ്പുകൾ നിർത്തി വെച്ചിരിക്കുകയായിരുന്നു.

✪✪✪